(സി) ഉണ്ടെങ്കിൽ ഏത്; എന്തു വ്യവസ്ഥയിൽ;

(ഡി) മാന്നാർ സി. എഫ് എസ്. സി. യിൽ സ്കീമിനുവിരുദ്ധമായി അസംസ്കൃത സാധനങ്ങൾ വായ്പയായി തൊഴിലാളികൾക്ക് നൽകിയതിനാൽ വളരെ നഷ്ടമുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുത്തരവാദികൾ ആരെന്നു അന്വേഷിച്ചുവോ; (എഫ്) അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) 10 എണ്ണം.

(ബി, സി) ഇതിൽ ഒന്നും തന്നെ ടൂറിസ്റ്റു കോർപ്പറേഷനെ ഏൽപ്പിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

(ഡി) അസംസ്കൃത സാധനങ്ങൾ വായ്പയായി നൽകിയതിൽ നഷ്ടം ഉണ്ടെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറ് അന്വേഷണം നടത്തിവരികയാണ്..

(ഇ, എഫ്) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ഐ. ടി. ഐ. കോഴ്സ് പാസ്സായവർ

* 97 [353] ശ്രീ. ജെ. കമാലിയാസ് മൊറായീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കോഴ്സ് പാസ്സായവർക്ക് തൊഴിൽ കൊടുക്കുന്നതിനായി ഏതെങ്കിലും പദ്ധതി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഐ. ടി. ഐ. സെൻററുകൾ പ്രൊട്ടക്ഷൻ സെൻററുകളായി മാറുന്നതിന് ഏതെങ്കിലും പദ്ധതി ഗവൺമെൻറിനുണ്ടോ?

വ്യവസായവും തൊഴിലുംമന്ത്രി (ശ്രീ. പി. രവീന്ദ്രൻ:)

(എ) ഉണ്ട്.

(ബി) ഐ. ടി. ഐ. കോഴ്സ് പാസ്സായിട്ടുള്ളവർക്ക് തൊഴിൽ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ടി സ്ഥാപനങ്ങളിൽ ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

(സി) മേൽപ്പറഞ്ഞ ഉത്തരത്തിൻറെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTION AND ANSWER

പനമ്പു വ്യവസായം

* 44 [351] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലുംമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പനമ്പു വ്യവസ്യം പുനർജ്ജീവിപ്പിക്കുന്നതിനെസംബന്ധിച്ച് ഗവൺമെൻറു നിയമിച്ച അന്വേഷണകമ്മിഷൻറെ റിപ്പോർട്ട് ഗവൺമെൻറിലേയ്ക്ക് ലഭിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റു വല്ല നടപടിയും സ്വീകരിച്ചുവോ?

ഉത്തരം

(എ) ലഭിച്ചു.

(ബി) റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. താമസിയാതെ ഗവൺമെന്റു തീരുമാനങ്ങൾ വെളിപ്പെടുത്തുന്നതാണ്.

ADJOURNMENT MOTION

Police firing at, Kuppapuram

9 a.m.

ഈ മാസം 23—ാം തീയതി കുട്ടനാട്ടിലെ കുപ്പപ്പുറത്തെ കർഷിക തൊഴിലാളികളുടെ മേൽ പോലീസ് ലാത്തിച്ചാർജു നടത്തുകയും വെടിവയ്ക്കുകയും ചെയ്തതിന്റെ ഫലമായി ഒരാൾ കൊല്ലപ്പെടുകയും വേറൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തതിന്റെ ഫലമായി അവിടെ നിലവിലിരിക്കുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റൂൾ 49 അനുസരിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദൻ തുടങ്ങി പതിനാറു ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. അതിനെപ്പറ്റി മന്ത്രിക്ക് പറയാനുള്ളതു പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, കൈനകരി ഗ്രാമത്തിലെ ചെറുകാലി കായലിനടുത്ത് അക്രമാസക്തമായ ഒരു ജനക്കൂട്ടത്തെ പിരിച്ചു വിടാൻ പോലീസിന് വെടിവയ്ക്കേണ്ടിവരികയും, ആ വെടിവെയ്പിൽ ഒരാൾ കൊല്ലപ്പെടുകയും വേറൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തുവെന്നുള്ള ഖേദകരമായ വിവരം ഈ സഭയെ ഞാൻ അറിയിക്കുകയാണ്.

അതിന്റെ പശ്ചാത്തലത്തെപ്പറ്റി ഏതാനും വാക്കുകൾ പ്രസ്താവിക്കാനുണ്ട്. കുട്ടനാട് താലൂക്കിൽ കൊയ്ത്ത് പുരോഗമിച്ചുകൊണ്ടു വരികയാണ്. ഐ. ആർ. സി. അംഗീകരിച്ചതനുസരിച്ച് ആ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ളതിനെക്കാൾ കൂലി കൂട്ടിക്കിട്ടാൻ വേണ്ടി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ കർഷകത്തൊഴിലാളികൾ സംഘടിച്ച് പ്രകടനം കൂട്ടിക്കുന്നുണ്ട്. എന്നാൽ കൃഷിക്കാർ ഈ കൂലി കൂട്ടിക്കൊടുക്കാൻ കൂട്ടാകുന്നില്ല. അതിന് അവർ പറയുന്ന ഒരു വാദം നെല്ലിന്റെ വില കുറഞ്ഞു വരുന്നതുകൊണ്ട് ഇത്രയും കൂലി കൂടുതൽ കൊടുക്കാൻ കഴിയുകയില്ലെന്നാണ്. ഈ പ്രശ്നത്തിന്റെ ന്യായാന്യായങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. കൊയ്ത്ത് തടസ്സപ്പെടുത്താൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളികൾ പരിശ്രമിക്കുകയും, അവർ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിക്കാരല്ലാത്ത തൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതുകൊണ്ട് ആ പ്രദേശങ്ങളിൽ സമാധാനപരമായി കൊയ്ത്ത് നടത്തുന്നതിന് പോലീസിന്റെ സംരക്ഷണം നൽകുകയുണ്ടായി. ഈ ജനുവരി 26—ാംതീയതി നടന്ന സംഭവത്തെക്കുറിച്ച് ആലപ്പുഴ പോലീസ് സൂപ്രണ്ടിൽനിന്നും ലഭിച്ച വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

ശ്രീമതി ലീലാമ്മ ഉറുമ്മീസ് എന്ന ആളുടെ ഉടമയിലുള്ള ഇരുപത്തിയഞ്ചേക്കർ നെൽക്കൃഷി സ്ഥലം ചെറുകാലി കായലിലുണ്ട്. ആ സ്ഥലത്തെ

LIBRARY ARCHIVES Kerala Legislative Assembly